**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് എന്തൊക്കെ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **സമഗ്രമായ പട്ടികവർഗ വികസന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷങ്ങൾ തികയുന്ന വേളയിൽ, സുവർണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിലെ വിഷയങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ സ്മാർട്ട് പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന സാമൂഹ്യ പഠനമുറിക്ക് പുറമെ വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് പഠനമുറികൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.** |
| (സി) | നവകേരളത്തിന്റെ വികസന വഴികളിൽ പട്ടികവർഗ്ഗ വിഭാഗക്കാർ പിന്തള്ളപ്പെട്ട് പോകാതിരിക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | **2025-26 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചുവടെ പറയുന്ന 3 പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.**<br><br>1. **പണിയ സമുദായത്തിനുള്ള പ്രത്യേക വികസന പാക്കേജ്**<br>2. **പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ**<br>3. **പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ** |

| | | | |
|---|---|---|---|
| | | | **പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമഗ്രമായ പട്ടികവർഗ വികസന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷങ്ങൾ തികയുന്ന വേളയിൽ സുവർണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന വിഷയങ്ങൾക്ക് സർക്കാർ അനുമതിയോടു കൂടി മുൻഗണന നൽകി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1. സുവർണ്ണ ജൂബിലി വർഷത്തിൽ, എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഭൂമി ഉറപ്പാക്കി ഭൂരഹിത പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.
2. ഫോറസ്റ്റ് വില്ലേജുകൾ റവന്യു വില്ലേജ് ആക്കി സമയബന്ധിതമായി പരിവർത്തനം ചെയ്യൽ, വനാവകാശപ്രകാരം നൽകിയ സ്ഥലത്തിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ പൂർത്തിയാക്കൽ.
3. എല്ലാ ഉന്നതികളിലും റോഡ്, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ്, ശ്മശാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ - പുതിയ പദ്ധതി പ്രഖ്യാപനം
4. എല്ലാ പട്ടികവർഗ്ഗക്കാർക്കും അടിസ്ഥാന രേഖകൾ ഉറപ്പാക്കുന്ന ABCD പദ്ധതിയുടെ പൂർത്തീകരണം.
5. പട്ടികവർഗ്ഗ വിഭാഗക്കാരിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനം
6. സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ദുരന്തസാധ്യതയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ.
7. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ - രാജ്യത്തെ ആദ്യ സംസ്ഥാന പ്രഖ്യാപനം.
8. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് ടെസ്റ്റ്, കൗൺസിലിംഗ് എന്നിവ നടത്തി ആരോഗ്യപരിപാലനം ഉറപ്പുവരുത്തൽ. ചികിത്സ ഏകോപനത്തിനും രോഗബാധിതരെ സഹായിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ.
9. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ എൻറോൾമെന്റ് ഉറപ്പുവരുത്തൽ, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ.
10. സാമൂഹ്യ പഠനമുറിക്ക് പുറമേ വിദ്യാർത്ഥികൾക്ക് 2.5 ലക്ഷം രൂപ ചെലവഴിക്കുന്ന സ്മാർട്ട് പഠന മുറി പുതിയ പദ്ധതി പ്രഖ്യാപനം.
11. ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയാസ് പദ്ധതി ആവശ്യമായ മറ്റ് മേഖലകളിലേയ്ക്കും വ്യാപിപ്പിക്കൽ.
12. കാറ്റാടി പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കൽ

13. 5,000 പട്ടികവിഭാഗ യുവതയ്ക്ക് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്ന ഉന്നതി വിജ്ഞാന തൊഴിൽ ഹബ്ബ് മിഷൻ പ്രവർത്തനം.

14. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പുറമെ, സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ, അതത് പട്ടികവർഗ്ഗ മേഖലകളിലെ പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കൽ.

15. പട്ടികവർഗ്ഗ മേഖലയിലെ ഫാമിംഗ് സൊസൈറ്റി/കോർപ്പറേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അപെക്സ് സംഘം രൂപീകരിച്ച് ഏകോപിപ്പിക്കുക.

16. ഫാമിംഗ് സൊസൈറ്റികളിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ആവശ്യകത സൃഷ്ടിക്കാനും അതുവഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും അപെക്സ് സംഘം വഴി വിപണനം ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും മുൻഗണന നൽകും.

17. RIDF/KIIFB പദ്ധതിപ്രകാരം ആറളം ഫാമിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക, ഫിഷറീസ്, വെറ്ററിനറി സർവ്വകലാശാലകളുടെ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തിയുള്ള സുവർണ്ണ ജൂബിലി ട്രെയിനിംഗ് കേന്ദ്രം ആരംഭിക്കാൻ ലക്ഷ്യംവയ്ക്കുന്നു.

18. അപെക്സ് സംഘം ഉപയോഗപ്പെടുത്തി ആറളം ഫാമിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ, മൃഗാശുപത്രി, കൃഷിഭവൻ, മിൽക്ക് സൊസൈറ്റി കെട്ടിടങ്ങൾ അതത് വകുപ്പുകളുടെ സഹകരണത്തോടെ പ്രയോജനപ്പെടുത്തുക. ജലലഭ്യത പ്രയോജനപ്പെടുത്തി കേന്ദ്രീകൃത ജലസേചന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

19. എൻ ഊര് പദ്ധതി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ കൂടി ഉൾക്കൊള്ളിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട തദ്ദേശീയ കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ച് എത്തിക് ടൂറിസം ട്രാവൽ ടൂറിസം പദ്ധതിയായി വിപുലീകരിക്കുക.

20. സംസ്ഥാനത്ത് CMD വഴി വിവിധ നിർമ്മാണ ജോലികൾക്ക് പരിശീലനം നല്കിയ 85 ഗോത്ര ജീവിക സംഘങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് ഫെഡറേഷൻ രൂപീകരിക്കുക.

21. KIRTADS തയ്യാറാക്കിയിട്ടുള്ള തദ്ദേശീയ വൈദ്യൻമാരുടെ അറിവ് സംരക്ഷിക്കുന്നതിനും ഏകീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ